പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2060 17.03.2015-ൽ മറുപടിക്ക്

## മലപ്പുറം KSRTC ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ്

ചോദ്യം ഉത്തരം

ശ്രീ. പി. ഉബൈദുള്ള : തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | മലപ്പുറം KSRTC ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; അതിന്റെ പുരോഗതികൾ വിശദീകരിക്കാമോ; | (എ) | നിർമ്മാണം ആരംഭിച്ചിട്ടില്ല. ബി.ഒ.റ്റി അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹിക്കാൻ ചുമതലപ്പെടുത്തിയിരുന്ന കെ.റ്റി.ഡി.എഫ്.സി പ്രസ്തുത നിർമ്മാണ ചുമതലയിൽ നിന്നും തങ്ങളെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 18.11.2014-ൽ നടന്ന ഉന്നതതല യോഗ തീരുമാന പ്രകാരം മലപ്പുറം ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ ചുമതല കെ.റ്റി.ഡി.എഫ്.സി.യെ ഒഴിവാക്കി കെ.എസ്.ആർ.ടി.സി.ക്ക് നൽകുവാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.<br><br>നഗരസഭയുടെ കെട്ടിടനിർമ്മാണ അനുമതിയും, അഗ്നി സുരക്ഷാ വകുപ്പിന്റെ അനുമതിയും ലഭിച്ചിട്ടുണ്ട്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും വർക്ക് സൈറ്റിലെ മണ്ണു നീക്കം ചെയ്യുന്നതിനുള്ള അനുമതി ലഭിക്കേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രൊജക്ടിന്റെ ഭരണാനുമതി റിവൈസ് ചെയ്യുന്നതിനും ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) യും (സി) യും | കെ.റ്റി.ഡി.എഫ്.സി.യുടെ നിർവ്വഹണ ചുമതലയിൽ തയ്യാറാക്കിയ പ്ലാനും, ഡിസൈനും, കെ.എസ്.ആർ.ടി.സി, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, ചീഫ് എഞ്ചിനീയർ (സിവിൽ) എന്നിവർ സംയുക്തമായി പരിശോധിച്ചത് പ്രകാരം പ്രസ്തുത പദ്ധതി ഏറ്റെടുത്ത് നടപ്പാക്കുന്നത് സംബന്ധിച്ച് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി സമർപ്പിച്ച നിർദ്ദേശങ്ങളും കെ.റ്റി.ഡി.എഫ്.സി, പദ്ധതിക്കുവേണ്ടി ചെലവാക്കിയ തുക മടക്കി നൽകുന്നത് സംബന്ധിച്ച് നിലനിൽക്കുന്ന വിഷയവും സർക്കാർ പരിശോധിച്ചു വരികയാണ്. ആയത് പരിഹരിച്ച ശേഷം നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) | പദ്ധതിയുടെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ? | | |

സെക്ഷൻ ഓഫീസർ